**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 26**<br>**MARCH 26** | **2019** |

***1194 മീനം 12*** **ചൊവ്വ**

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## നാമനിർദ്ദേശ പത്രികാ സമർപ്പണം

## മാർച്ച് 28 മുതൽ ഏപ്രിൽ 4 വരെ

ലോക്സഭാ തെരഞ്ഞെടുപ്പിൽ മാർച്ച് 28 മുതൽ ഏപ്രിൽ 4 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്ന് വരെയാണ് പത്രികാ സമർപ്പണത്തിനുള്ള സമയം. നാമനിർദ്ദേശ പത്രികകൾ ജില്ലാ വരണാധികാരിക്കോ അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രത്യേക ചുമതല നൽകിയിട്ടുള്ള അസിസ്റ്റന്റ് റിട്ടേ ണിങ്ങ് ഓഫീസർക്കോ സമർപ്പിക്കാം. ഒരു സ്ഥാനാർത്ഥിക്ക് നാലുസെറ്റ് പത്രികകൾവരെ നൽകാം.

നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ എത്തുന്ന രാഷ്ട്രീയ പാർട്ടികളുടെ മൂന്ന് വാഹനങ്ങൾക്ക് മാത്രമാണ് കളക്ടറേറ്റ് കോമ്പൗണ്ടിൽ പ്രവേശനം അനുവദിക്കു. പത്രികാ സമർപ്പണ വേളയിൽ സ്ഥാനാർത്ഥി ഉൾപ്പെടെ അഞ്ചുപേർ മാത്രമെ വരണാ ധികാരിയുടെ ഓഫീസിൽ പ്രവേശിക്കാവൂ. സ്ഥാനാർത്ഥികൾ പ്രധാന കവാടത്തിലൂടെ വേണം സിവിൽ സ്റ്റേഷനിൽ പ്രവേശിക്കാൻ.

സ്ഥാനാർത്ഥികൾ ക്രമിനൽ കേസുകൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇവ സംബന്ധിച്ച് സത്യവാങ്മൂലം ഫോം 26ൽ രേഖപ്പെടുത്തി നാമനിർദ്ദേശ പത്രികയോടൊപ്പം നൽകണം. പത്രികകളുടെ സൂഷ്മ പരിശോധന ഏപ്രിൽ അഞ്ചും പിൻവലിക്കാനുള്ള തിയതി ഏപ്രിൽ എട്ടുമാണ്. എഴുപത് ലക്ഷം രൂപയാണ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഓരോ സ്ഥാനാർത്ഥികൾക്കും ചെലവഴിക്കാവുന്ന തുക. നാമനിർദ്ദേശ പത്രികയോടൊപ്പം ജനറൽ വിഭാഗത്തിന് 25,000 രൂപയും പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിന് 12,500 രൂപയുമാണ് സ്ഥാനാർത്ഥികൾ കെട്ടിവെയ്ക്കേണ്ട തുക.

ജില്ലയിലെ പൊതുസ്ഥലങ്ങളിലെ മുഴുവൻ ഫ്ളക്സുകളും നീക്കം ചെയ്യുന്നത് സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടെ സഹകരണം ഉണ്ടാകണമെന്നും സ്വകാര്യ ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളുടെ അനുമതി രേഖകൾ സ്വകാഡ് ആവശ്യപ്പെടുന്നതനുസരിച്ച് നൽകണമെന്നും തെരഞ്ഞെടുപ്പിൽ പൂർണമായും ഹരിത പെരുമാറ്റചട്ടം പാലിക്കണമെന്നും ജില്ലാ കളക്ടർ ഡോ. സജിത് ബോബു നിർദ്ദേശിച്ചു. വരണാധികാരിയുടെ ഓഫീസും പരിസരവും ഡിവൈഎസ്പി റാങ്കിൽ കുറയാത്ത ഒരു പൊലീസ് ഉദ്യോഗസ്ഥന്റെ പൂർണ്ണ നിയന്ത്രണത്തിലാകും. ആവശ്യമായ പൊലീസ് ഉദ്യോഗസ്ഥരേയും സ്ഥലത്ത് വിന്യസിക്കും.

## പോളിങ്ങ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഇന്നൂം നാളെയും

ലോക്സഭാ തെരഞ്ഞെടുപ്പ് പോളിങ്ങ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഇന്നും(27) നാളെയുമായി (28) പെരിയ, തൃക്കരിപ്പൂർ പോളിടെക്നിക്കിൽ നടക്കും. ഇതുസംബന്ധിച്ച അറിയിപ്പും നിയമന ഉത്തരവുകളും ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തതായി ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു അറിയിച്ചു.

അനുവദിച്ചു കിട്ടിയ പരിശീലന സമയത്ത് ഏതെങ്കിലും പോളിങ്ങ് ഉദ്യോഗ സ്ഥന് ഒഴിവാക്കാനാത്ത പരീക്ഷ ഡ്യൂട്ടി ഉണ്ടെങ്കിൽ അതേ പരിശീലന കേന്ദ്രത്തിലെ മറ്റ് ഏതെങ്കിലും സെക്ഷനിൽ പങ്കെടുക്കണം.എന്നാൽ ഈ രണ്ട് ദിവസങ്ങളിലും പരി ശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്ത വിധം പരീക്ഷ ഡ്യൂട്ടി ഉൾപ്പെടെയുള്ള ഒഴിവാ ക്കാനാകാത്ത ഔദ്യോഗിക ചുമതലയുള്ളവർക്ക്, ഈ ഔദ്യോഗിക ചുമതല സംബ ന്ധിച്ച രേഖ ഹാജരാക്കി മാർച്ച് 29 ന് രാവിലെ 9.30 ന് പെരിയ ഗവർമെന്റ് പോളിടെ ക്നിക്കിൽ നടക്കുന്ന അധിക ബാച്ചിൽ പങ്കെടുക്കാം. നിശ്ചയിച്ച സമയത്ത് ഹാജരാ കാൻ പറ്റാത്തതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കാതെ അധിക ബാച്ചിൽ പ്രവേ ശനം അനുവദിക്കില്ല. പരിശീലനത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ 1951 ലെ ജനപ്രാതിനിധ്യ നിയമപ്രകാരം തുടർ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കള ക്ടർ അറിയിച്ചു.

## ലോക്സഭാ തെരഞ്ഞെടുപ്പ്; ജില്ലയിൽ

## കൺട്രോൾ റൂം നിയന്ത്രിക്കുന്നത് വനിതകൾ

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിലെ കൺട്രോൾ റൂം നിയന്ത്രിക്കുന്നത് വനിതകൾ. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം ഉൾപ്പെടെയുള്ള പരാതികളുടെയും വോട്ടർ ഹെൽപ്പ് ലൈനുകളുടെയും നിയന്ത്രണമാണ് ജൂനിയർ സുപ്രണ്ടുമാരായ രണ്ടു വനിതകളുടെ നേതൃത്വത്തിൽ നടക്കുന്നത്. സംസ്ഥാനത്ത് വനിതകൾ മാത്രം നിയന്ത്രിക്കുന്ന ഏക കൺട്രോൾ റൂമാണ് കാസർകോട് കളക്ടറേറ്റിലേത്. ജൂനിയർ സുപ്രണ്ടുമാരായ സി.ജി ശ്യാമള, ഇന്ദു എം ദാസ് എന്നിവരെ നോഡൽ ഓഫീസർമാരായി ജില്ലാ വരണാധികാരിയായ ജില്ലാ കളക്ടറാണ് നിയമിച്ചത്. ക്ലർക്കുമാരായ ഷീജ.എ, നമിത എ, സജിത പി.എ എന്നിവരും ഇവർക്കൊപ്പം സജീവമാണ്.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്ന സി വിജിൽ(സിറ്റിസൺസ് വിജിൽ) ആപ്ലിക്കേഷൻ, 04994 255825, 04994 255676 എന്നീ നമ്പറുകളിലേക്ക് വരുന്ന മറ്റു തെരഞ്ഞെടുപ്പ് പരാതികൾ, വോട്ടർ ഹെൽപ്പ് ലൈനായ 1950 എന്ന നമ്പറിലേക്ക് പൊതുജനങ്ങളുടെ സംശയങ്ങൾ എന്നിവയ്ക്കുള്ള കൺട്രോൾ റൂമാണ് കളക്ടറേറ്റിൽ പ്രവർത്തിക്കുന്നത്.

ലോക്സഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനം സംബന്ധിച്ച പരാതികൾക്കുള്ള സി വിജിൽ(സിറ്റിസൺസ് വിജിൽ) എന്ന ആപ്ലിക്കേഷനിലൂടെ ഇതുവരെ 32 പരാതികൾ ലഭിച്ചു. അവയ്ക്ക് പരിഹാരവുമായി. പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോസ്റ്റർ, ബാനർ, കൊടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടവയായിരുന്നു സി വിജിലിലൂടെ ലഭിച്ച പരാതികളിൽ ഏറെയും.

തെരഞ്ഞെടുപ്പ് ചട്ടലംഘനം കണ്ടാൽ അത് മൊബൈൽ ഫോൺ കാമറയിൽ ഫോട്ടോയോ വീഡിയോയോ ആയി പകർത്തി സി വിജിൽ ആപ്പ് വഴി ജില്ലാ തെരഞ്ഞെടുപ്പ് സെന്ററുകളിലേയ്ക്ക് അയക്കാം. അവിടുന്ന് സന്ദേശം അതാത് നിയമസഭാ മണ്ഡലം സ്ക്വാഡുകൾക്കു കൈമാറുയാണ് ഇവർ ചെയ്യുന്നത്. സ്ക്വാഡുകൾ സ്ഥലത്ത് എത്തി നടപടി സ്വീകരിക്കുകയും സ്വീകരിച്ച നടപടി ഉടൻ പരാതിക്കാരനെ അറിയിക്കുകയും ചെയ്യും. ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചു ചട്ടലംഘനം നടന്ന സ്ഥലം കണ്ടെത്താനാകും. പരാതി അപ്ലോഡ് ചെയ്തു കഴിയുന്നതോടെ ഒരു യുണീക് ഐഡി ലഭിക്കും. ഇതിലൂടെ പരാതിയുടെ ഫോളോഅപ്പ് മൊബൈലിൽ തന്നെ ട്രാക്ക് ചെയ്യാൻ വോട്ടർക്കും കഴിയും. ഒരാൾക്ക് ഒന്നിലധികം ചട്ടലംഘനം റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്നതാണു മറ്റൊരു പ്രത്യേകത. പരാതിക്കാരന്റെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

മൊബൈൽ ഫോണിൽ എളുപ്പത്തിൽ ഉപയോഗിക്കാനാകും വിധമാണ് ആപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്. ചട്ടലംഘനം നടന്ന സ്ഥലത്തു നേരിട്ട് പോയി എടുത്ത ചിത്രങ്ങൾ മാത്രമേ ഈ ആപ്പ് വഴി അയക്കാൻ സാധിക്കൂ. മറ്റുള്ളവർ എടുത്തു കൈമാറി കിട്ടിയ ചിത്രങ്ങൾ അയക്കാൻ സാധിക്കില്ല. അതിനാൽ വ്യാജമായ പരാതികൾ ഒഴിവാക്കാൻ കഴിയും. തുടർച്ചയായി അഞ്ചു മിനിറ്റു മാത്രമേ ഈ ആപ്പ് പ്രവർത്തിക്കൂ. അഞ്ചു മിനുട്ട് കഴിഞ്ഞാൽ ആപ്പിന്റെ പ്രവർത്തനം നിലയ്ക്കും. വീണ്ടും ആപ്പ് തുറന്നു പരാതി അഞ്ചു മിനുറ്റിൽ ഒതുക്കി പകർത്തി അയയ്ക്കേണ്ടി വരും. സി വിജിൽ ആപ് പ്ലേസ്റ്റോറിൽ ലഭിക്കും. www.ceo.kerala.gov.in/home.html

മറ്റുതരത്തിലുള്ള തെരഞ്ഞെടുപ്പ് പരാതികൾ 04994 255825, 04994 255676 എന്നീ നമ്പറുകളിലാണ് വരുന്നത്. ഈ പരാതികൾക്കും ഉടൻതന്നെ നടപടി സ്വീകരിക്കുന്നുണ്ട്. വോട്ടേഴ്സിനുള്ള സഹായത്തിനായി 1950 എന്ന നമ്പറിലേക്ക് ഇതുവരെ 175ൽ അധികം പേർ വിളിച്ചു. പ്രവാസികൾക്ക് വോട്ട് ചെയ്യാൻ കഴിയുമോ, എങ്ങനെ വോട്ടേഴ്സ് ഐഡി കാർഡിൽ പേര് ചേർക്കാം എന്നിങ്ങനെ വിളികൾ വന്നുകോണ്ടേയിരിക്കുന്നു. വരുന്ന വിളികൾക്ക് ക്ഷമയോടെ മറുപടി നൽകുവാനും ഈ പെൺപടയ്ക്ക് കഴിയുന്നു.

ഫോട്ടോ അടിക്കുറിപ്പ്:- കൺട്രോൾ റൂം:- കളക്ടറേറ്റിൽ തെരഞ്ഞെടുപ്പ് കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതാ ജീവനക്കാർ.

## സ്വീപ്പ്: തീരദേശ വോട്ട് സന്ദേശ യാത്ര നടത്തി

ലോകസഭാ തെരഞ്ഞെടുപ്പിൽ മുഴുവൻ വോട്ടർമാരും സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും ''എന്റെ വോട്ട് എന്റെ അവകാശം'' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചും തെരഞ്ഞെടുപ്പ് കമ്മിഷൻ സംഘടിപ്പിച്ച തീരദേശ വോട്ട് സന്ദേശ യാത്ര കാസർകോട് നെല്ലിക്കുന്ന് കടപ്പുറത്ത് ജില്ലാ കളക്ടർ ഡോ: ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു. തീരദേശത്തെ കുതിർ എന്ന സ്ഥലത്ത് നിന്ന് ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെ പ്ലക്കാർഡുളേന്തി സ്ത്രീകളും കുട്ടികളുമായി ആരംഭിച്ച യാത്ര നെല്ലിക്കുന്ന് ലൈറ്റ് ഹൗസിന് സമീപം അവസാനിച്ചു. സ്വീപ്പ് നോഡൽ ഓഫീസർ മുഹമ്മദ് നൗഷാദ് യാത്രക്ക് നേതൃത്വം നൽകി. സീനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർമാരായ സതീഷ് സ്വാഗതവും ബൈജു നന്ദിയും പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്- കളക്ടർ** തെരഞ്ഞെടുപ്പ് കമ്മിഷൻ സംഘടിപ്പിച്ച തീരദേശ വോട്ട് സന്ദേശ യാത്ര കാസർകോട് നെല്ലിക്കുന്ന് കടപ്പുറത്ത് ജില്ലാ കളക്ടർ ഡോ: ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

## വാഹന ലേലം

ജില്ലാ പോലീസ് മേധാവിയുടെ അധീതയിൽ ഉള്ളതും കാസർകോട് സായുധ സേനാ ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്ടമെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ 16 ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ ഏപ്രിൽ 29 ന് രാവിലെ 11 ന് സായുധ സേനാ ക്യാമ്പിൽ വച്ച് ലേലം ചെയ്യും.കൂടുതൽ വിവരങ്ങൾക്ക്-04994 255461

## സ്ത്രീരോഗ വിഭാഗം ഒ.പി പ്രവർത്തനം ആരംഭിച്ചു

കാസർകോട് ഗവർമെന്റ് ആയുർവേദ ആശുപത്രിയിൽ സ്ത്രീരോഗ വിഭാഗം ഒ.പിയും മർമ്മരോഗ ഒ.പിയും പ്രവർത്തനം ആരംഭിച്ചു. മർമ്മരോഗ ഒ.പിയിൽ നടുവേദന, മുട്ട് വേദന, കഴുത്ത് വേദന, വെരിക്കോസ് വെയിൻ തുടങ്ങിയവയ്ക്ക് എല്ലാ ദിവസവും രാവിലെ ഒൻപതു മുതൽ ഉച്ചയക്ക് രണ്ടുവരെ ചികിത്സ ലഭ്യമാണ്.സ്ത്രീസംബന്ധമായ എല്ലാ ശാരീരിക പ്രശ്നങ്ങൾക്കും സ്ത്രീരോഗ ഒപിയിൽ ശനിയാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ ഒൻപതു മുതൽ ഉച്ചയക്ക് രണ്ടുവരെയും ചികിത്സ ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക്-94473 43608 (സ്ത്രീ രോഗ വിഭാഗം),99463 07403 (മർമ്മ രോഗ വിഭാഗം)

**തുടരും...**